**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4695** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇരവിപുരം നിയോജകമണ്ഡലത്തിൽ നിലവിൽ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ? | (എ) | ഇരവിപുരം നിയോജക മണ്ഡലത്തിൽ നിലവിൽ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിലും കൊറോണയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിലും ദുരിതമനുഭവിക്കുന്ന മയ്യനാട് പഞ്ചായത്തിലെ 20 ക്ഷീര കർഷകരുടെ പശുക്കൾക്ക് സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. 2) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ച് അതുവഴി മലബാറി ആട്ടുകളുടെ പ്രജനനം വർദ്ധിപ്പിക്കുകയും ടി യൂണിറ്റുകളിൽ നിന്നും ഡിപ്പാർട്ട്മെന്റ് / പഞ്ചായത്ത് പദ്ധതികൾക്ക് ആട്ടുകളെ വിതരണം ചെയ്ത് സ്വയം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും, പാൽ, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 25000/- രൂപ സബ്സിഡി നൽകുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ഇരവിപുരം നിയോജക മണ്ഡലത്തിന് ഒരു യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. 3) താറാവ് നഴ്സറികളുടെ സ്ഥാപനവും താറാവ് കൃഷിയുടെ പ്രചാരണവും കർഷകർക്കിടയിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുകയും മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരു യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 1200/- രൂപ സബ്സിഡി നൽകുന്നു. 2021-22 സാമ്പത്തിക വർഷം ഇരവിപുരം നിയോജക മണ്ഡലത്തിന് 20 യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. 4) ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റുന്ന പദ്ധതി ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റുന്നതിനാവശ്യമായ ധനസഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. |

| | | | |
|---|---|---|---|
| | | | കന്നുകാലിഷെഡ്ഡിനോട് ചേർന്ന് വളക്കുഴി നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 12500/- രൂപ ധനസഹായം നൽകുന്നു. 2021-22 സാമ്പത്തിക വർഷം ഇരവിപുരം നിയോജക മണ്ഡലത്തിന് 1 യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. 5) അണുവിമുക്തമാക്കലും ശുചിത്വവും. മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളിൽ ശുചിത്വ പ്രവർത്തനങ്ങളും അണുനശീകരണവും നടത്തുക വഴി ഉപകരണങ്ങൾ, പരിസരം, എക്സാമിനേഷൻ ടേബിൾ തുടങ്ങിയവ ശുചിത്വത്തോടെ പരിപാലിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇരവിപുരം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന പുന്തലത്താഴം വെറ്ററിനറി ഹോസ്പിറ്റൽ, മയ്യനാട് വെറ്ററിനറി ഡിസ്പെൻസറി, ഇരവിപുരം വെറ്ററിനറി ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾക്ക് ടി പദ്ധതി നടപ്പിലാക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. 6) കന്നുകുട്ടിപരിപാലന പദ്ധതി ടി പദ്ധതി പ്രകാരം 4 മുതൽ 6 മാസം വരെയുള്ള കന്നുകുട്ടികളെ വരി ചേർത്ത് സബ്സിഡി നിരക്കിൽ ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇൻഷുറൻസ് പരിരക്ഷ എന്നിവ കന്നുകുട്ടിയ്ക്ക് 28 മാസം പ്രായമാകുന്നതു വരെ സബ്സിഡി തുകയിൽ പരിമിതപ്പെടുത്തി നൽകുന്നു. ഇരവിപുരം നിയോജക മണ്ഡലത്തിലെ 212 എണ്ണം കന്നുകുട്ടികൾക്ക് ടി പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്. 7) ഗോസമൃദ്ധി എൻ.എൽ.എം ഇൻഷുറൻസ് കർഷകരുടെ ഉന്നമനത്തിനായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഗോസമൃദ്ധി എൻ.എൽ.എം ഇൻഷുറൻസ് പദ്ധതി പ്രകാരം കർഷകർക്കും അവരുടെ ഉരുക്കൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് നൽകുന്നു. 8) രാത്രികാല മൃഗചികിത്സാ സേവനം നടപ്പ സാമ്പത്തിക വർഷം മുതൽ രാത്രികാല മൃഗചികിത്സാ സേവനം എന്ന പദ്ധതി മുഖത്തല ബ്ലോക്കിൽ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകുകയും ആയതിനു വേണ്ട നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ